നം. CEIA/384/2024-VIG4

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം-695033.
e-mail: ce.irrgn.vig@gmail.com
Phone: 0471 2321370
തീയതി:16-12-2024

## സർക്കുലർ

വിഷയം: ജലസേചനം - ജിവനക്കാര്യം - സർക്കാർ ജീവനക്കാരുടെ വാർഷിക സ്വത്തു വിവര പട്ടിക സ്പാർക്ക് സോഫ്റ്റ് വെയർ മുഖേന സമർപ്പിക്കേണ്ടത് - സംബന്ധിച്ച്.

സൂചന: 1. 18.08.2021 തീയതിയിലെ സ.ഉ.(സാധാ) നം.3114 - 2021/പൊ.ഭ.വ സർക്കാർ ഉത്തരവ്

2 04.01.2022 ലെ ഉ.പ.സി 2/219/2021/ഉ.പ.ഭ.വ നമ്പർ സർക്കുലർ

3 13.01.2022 ലെ ധനകാര്യം (ITSF) വകുപ്പിന്റെ 03/2022/ഫിൻ നമ്പർ സർക്കുലർ

4 സർക്കാർ സർക്കുലർ നം.ADV-C1/167/2024-P&ARD തീയതി 10/12/2024.

സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാരും 2021 വർഷം മുതൽ തങ്ങളുടെ വാർഷിക സ്വത്തു വിവര പട്ടിക സ്പാർക്ക് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണെന്ന് സൂചന (1),(2),(3) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് വാർഷിക സ്വത്തു വിവര പട്ടിക സ്പാർക്ക് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി സമർപ്പിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ സ്പാർക്ക് സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയത് സജീവമാകുന്ന മുറയ്ക്ക് ജലസേചന വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും 2024 വർഷത്തെ വാർഷിക സ്വത്ത് വിവര പട്ടിക നിർബന്ധമായും സൂചന (4) സർക്കുലറിലെ നിർദ്ദേശാനുസരണം സ്പാർക്ക് സോഫ്റ്റ് വെയറിലെ വ്യക്തിഗത ലോഗിൻ മുഖേന ഓൺലൈനായി 15.01.2025 ന് മുമ്പായി സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ സമയപരിധി ദീർഘിപ്പിച്ച് നൽകുകയില്ലായെന്നു കൂടി അറിയിച്ചു കൊള്ളുന്നു.

Signed by Sivadasan M
Date: 16-12-2024 09:37:55
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും.